ഉത്തരം

(എ&ബി) 4 അപേക്ഷകൾ ലഭിച്ചു. വിശദാംശം ചുവടെ ചേർക്കുന്നു.

ഡോ. അശ്വതി ആർ. കെ.	-	4-6-2015
ഡോ. നിഷിത സത്യനാഥൻ	-	15-1-2016
ഡോ. അനഘ എ. എസ്.	-	15-1-2016
ഡോ. വല്ലരി പി.വി.	-	15-1-2016

(സി) പ്രസ്തുത വിഭാഗത്തിൽ ഒരേ സമയത്ത് 2 പേർക്ക് ഹൗസ് സർജൻസി ചെയ്യാൻ കഴിയും. ഇപ്പോൾ ഒരാൾ ചെയ്യുന്നുണ്ട്. ഡോ. റുബി രാജ്, 14-9-2015 മുതൽ.

കാസർഗോഡ് ജില്ലയിൽ സർക്കാർ മെഡിക്കൽ കോളേജ്

109(809) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കാസർകോഡ് ജില്ലയിൽ സർക്കാർ മെഡിക്കൽ കോളേജിന് തറക്കല്ലിട്ടത് എന്നാണ്; തറക്കല്ലിടൽ വേളയിൽ മെഡിക്കൽ കോളേജിന്റെ പ്രവർത്തനം എന്ന് ആരംഭിക്കുമെന്നാണ് പ്രഖ്യാപിച്ചിരുന്നത്; വിശദാംശം അറിയിക്കാമോ;

(ബി) ഇതിന്റെ പ്രവർത്തനത്തിന് എത്ര രൂപയാണ് അനുവദിച്ചിട്ടുള്ളത്; നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

ഉത്തരം

(എ) 2013 നവംബർ 30-നാണ് കാസർഗോഡ് മെഡിക്കൽ കോളേജിന് തറക്കല്ലിട്ടത്. ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പ്രവർത്തനമാരംഭിക്കാൻ കഴിയും.

(ബി) കാസർഗോഡ് മെഡിക്കൽ കോളേജിനുവേണ്ടി കാസർഗോഡ് പാക്കേജിൽപ്പെടുത്തി 25 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ സർക്കാർ ബഡ്ജറ്റുകളിൽ 10.25 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. ഇതുകൂടാതെ ആശുപത്രി കെട്ടിടത്തിനായി നബാർഡിൽ നിന്നും 57 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. 20,07,00,000 രൂപയാണ് നാളിതുവരെ അനുവദിച്ചിട്ടുള്ളത്. അതിൽ 6,01,95,000 രൂപ സ്പെഷ്യൽ ഓഫീസർക്ക് ടി കോളേജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി നൽകിക്കഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly